**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2568 **06.02.2018** -ലെ മറുപടിക്ക്

## പാറശ്ശാല പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഫീസിബിലിറ്റി ഉള്ള എത്ര പട്ടികജാതി/ പട്ടികവർഗ്ഗ കോളനികൾ ഉണ്ട് എന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഫീസിബിലിറ്റിയുള്ള പട്ടികജാതി കോളനികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പഞ്ചായത്ത് | കോളനികളുടെ എണ്ണം | കോളനികളുടെ പേര് |
|---|---|---|---|
| 1 | പാറശ്ശാല | 1 | പാതിരിയോട് |
| 2 | ആര്യൻകോട് | 5 | ഏുക്കര, മുന്നാമുക്ക്, മുഴങ്ങിൽ കൈലാസപുരം, കീഴാറ്റൂർ പട്ടികജാതി കോളനി, ഇടവാൽ - പേപ്പാറക്കോണം |
| 3 | കൊല്ലയിൽ | 3 | എ.കെ.ജി. കോളനി പനയംമൂല- കടുക്കാരുവിള പി.ആർ.ഡി.എസ്. കോളനി |
| 4 | ഒറ്റശേഖരമംഗലം | 1 | കുരുവിൽപുറം |

പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും പാറശ്ശാല നിയോജക മണ്ഡലത്തിൽ അമ്പൂരി പഞ്ചായത്തിലെ തെന്മല പട്ടികവർഗ്ഗ സങ്കേതത്തെ അംബേദ്കർ ഡെവലപ്മെന്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

<table>
<tr>
<td>(ബി)</td>
<td>പ്രസ്തുത കോളനിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട്; ഇവിടെ റോഡ്, കുടിവെള്ളം, ശുചിമുറികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോ എന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;</td>
<td>(ബി)</td>
<td>ടി കോളനികളിലെ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം ഇപ്രകാരമാണ്.
<table>
<tr><th>ക്രമ നം.</th><th>കോളനി</th><th>കുടുംബങ്ങളുടെ എണ്ണം</th><th>അടിസ്ഥാന സൗകര്യങ്ങൾ</th></tr>
<tr><td>1</td><td>പാതിരി കോളനി</td><td>50</td><td rowspan="10">പ്രസ്തുത കോളനികളിൽ റോഡ്, കുടിവെള്ളം, ശുചിമുറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്.</td></tr>
<tr><td>2</td><td>എളുക്കര</td><td>48</td></tr>
<tr><td>3</td><td>മുന്നാമുക്ക്</td><td>55</td></tr>
<tr><td>4</td><td>മുഴങ്ങിൽ കൈലാസപുരം</td><td>48</td></tr>
<tr><td>5</td><td>കീഴാറ്റൂർ</td><td>48</td></tr>
<tr><td>6</td><td>ഇടവാൽ-പേപ്പാറക്കോണം</td><td>42</td></tr>
<tr><td>7</td><td>എ.കെ.ജി</td><td>45</td></tr>
<tr><td>8</td><td>പനയംമൂല-കടുക്കാരുവിള</td><td>60</td></tr>
<tr><td>9</td><td>പി.ആർ.ഡി.എസ്</td><td>47</td></tr>
<tr><td>10</td><td>കുരുവിൽപുറം</td><td>46</td></tr>
</table>
തെന്മല പട്ടികവർഗ്ഗ സങ്കേതത്തിൽ 52 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പരിമിതമായ കുടിവെള്ള, ശുചിമുറി സൗകര്യങ്ങളാണ് ടി സങ്കേതത്തിൽ നിലവിൽ ഉള്ളത്. സഞ്ചാരയോഗ്യമായ റോഡുകൾ ഇല്ലാത്ത അവസ്ഥയും നിലവിലുണ്ട്.</td>
</tr>
<tr>
<td>(സി)</td>
<td>പ്രസ്തുത കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്നും പുതിയതായി ഏതെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്നും അറിയിക്കാമോ?</td>
<td>(സി)</td>
<td>പട്ടികജാതി കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കോർപ്പസ് ഫണ്ട്, അംബേദ്കർ സ്വാശ്രയ ഗ്രാമം എന്നീ പദ്ധതികൾ നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും സങ്കേതവികസനത്തിനുള്ള പ്രോജക്റ്റുകൾ നടപ്പാക്കി വരുന്നുണ്ട്.<br>
പട്ടികവർഗ്ഗ വിഭാഗത്തിലാകട്ടെ, അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതികൾക്കായി തെരഞ്ഞെടുത്ത തെന്മല പട്ടിക വർഗ്ഗ സങ്കേതത്തിൽ പ്രത്യേക ഊരുകൂട്ടം ചേർന്ന് ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.</td>
</tr>
</table>

| | | | |
|---|---|---|---|
| | | | 1. കുടിവെള്ള പ്രശ്നം പരിഹരിക്കുക<br>2. ഊരിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ച് സാമൂഹ്യ പഠനമുറിയോടു കൂടിയ സൗകര്യം ലഭ്യമാക്കുക<br>3. ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്ത ഭവനങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുക. |

സെക്ഷൻ ഓഫീസർ